Vol-1,N0:32
03-12-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

## പ്രധാനവാർത്തകൾ

01. സർക്കാർ നിർദേശിക്കുന്ന അധ്യാപകരെ അംഗീകരിക്കില്ല: സീറോ മലബാർ സഭ
02. അധികാരം കൊണ്ട് സഭയെ അടിച്ചമർത്താൻ നോക്കേണ്ട: ബിഷപ്പ് ജോസഫ് പെരുന്തോട്ടം
03. കന്യാസ്ത്രീകൾക്ക് വധഭീഷണി
04. വിവാദ ഫ്ളാറ്റ്പൊളിച്ചു നീക്കണം: ബിഷപ്പ് ഡോ.സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ
05. ഭാരതീയതയുടെ ക്രൈസ്തവ മാനം കാണണം: ദേശീയചരിത്ര സെമിനാർ
06. മഹാരാഷ്ട്രയിൽ വൈദികർക്ക് മർദന പരമ്പര
07. ദൈവവചനവർഷം: ലോഗോ പ്രകാശനം ചെയ്തു
08 "നിരീശ്വരവാദം മനുഷ്യന്റെ മാഹാത്മ്യത്തെ ഹനിക്കുന്നു: ആർച്ച് ബിഷപ്പ് പൗവ്വത്തിൽ

### 01. സർക്കാർ നിർദേശിക്കുന്ന അധ്യാപകരെ അംഗീകരിക്കില്ല.-സീറോ മലബാർ സഭ (മംഗളം 29-11-2007)

സർക്കാർ നിർദേശിക്കുന്ന അധ്യാപകരെ തങ്ങളുടെ വിദ്യാലയങ്ങളിൽ ജോലി ചെയ്യാൻ സമ്മതിക്കില്ലെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. സർക്കാർ സ്കൂളുകളിൽ നിയമനം നടത്തുന്നതു പോലെയല്ല എയ്ഡഡ് സ്കൂളുകളുടെ സ്ഥിതി. അവിടെ ഭൂമി, കെട്ടിടം. സാമഗ്രികൾ, മെയ്ന്റനൻസ്, നടത്തിപ്പ് എല്ലാം മാനേജ്മെന്റാണ് ഒരുക്കുന്നത്. അടിസ്ഥാനവിദ്യാഭ്യാസം സൗജന്യമായി നൽകുക എന്ന കർത്തവ്യത്തിന്റെ ഭാഗമായാണ് എയ്ഡഡ് സ്കൂളിലെ അധ്യാപകർക്ക് ശമ്പളം സർക്കാർ നൽകുന്നത്. വിദ്യാലയങ്ങൾ ആരംഭിക്കാനുള്ള ന്യൂനപക്ഷാവകാശം ഭരണഘടന വിഭാവനം ചെയ്യുന്നതാകയാൽ സർക്കാരിനിടപെടാനാവില്ല. വിദ്യ അഭ്യസിക്കാനുള്ള അവകാശം മൗലികമാണ്. അതിന്റെ ഗുണമേന്മ സർക്കാരിനു പരിശോധിക്കാം. എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പു വരുത്താൻ സർക്കാർ ബാധ്യസ്ഥമാണ്. കെ.ഇ.ആർ. പരിഷ്കരിക്കാനുള്ള നീക്കത്തിലെ അപകടം ന്യൂനപക്ഷങ്ങൾ ആശങ്കയോടെയാണു കാണുന്നത്. ഏതു സ്കൂളിൽ മക്കൾ പഠിക്കണമെന്ന് മാതാപിതാക്കൾക്കു തീരുമാനിക്കാം. അവർ വിദ്യാലയം തെരഞ്ഞെടുക്കുന്നത് ചില പ്രതീക്ഷകൾ വച്ചുകൊണ്ടാണ്. സർക്കാർ പി.എസ്.സി വഴി തെരഞ്ഞെടുത്ത് വിടുന്ന അധ്യാപകരിൽ നിരീശ്വരവാദികൾ, മദ്യപാനികൾ തുടങ്ങിയവരുണ്ടാകാം. ഇത്തരത്തിലുള്ളവർ സ്കൂളിൽ കടന്നുകൂടുന്നത് ദോഷകരമായി ബാധിക്കും. ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട കുട്ടികളെ നിരീശ്വരവാദം പഠിപ്പിക്കുന്നതിന് തങ്ങളുടെ വിദ്യാലയം തന്നെ വിട്ടുകൊടുക്കാനാവില്ലെന്ന് കർദ്ദിനാൾ പറഞ്ഞു. മികച്ച അധ്യാപകരെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സമുദായം മാത്രം മാനദണ്ഡമാക്കാറില്ല. ചില സ്ഥാപനങ്ങൾ പണം വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത് നിയന്ത്രിക്കണമെന്നു നിർദേശം നൽകിയിട്ടുണ്ടെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് പറഞ്ഞു.

02. **അധികാരം കൊണ്ട് സഭയെ അടിച്ചമർത്താൻ നോക്കേണ്ട: ബിഷപ്പ് ജോസഫ് പെരുന്തോട്ടം**

(മാധ്യമം–26-11-2007)

അധികാരം ഉപയോഗിച്ച് സഭയെ ഭീഷണിപ്പെടുത്താനോ അടിച്ചമർത്താനോ നോക്കേണ്ടെന്ന് ചങ്ങനാശേരി അതിരൂപത മെത്രാപോലീത്ത മാർ ജോസഫ് പെരുന്തോട്ടം. ഒരുപാട് ഭീഷണി സഭ കണ്ടതാണ്. വെല്ലുവിളികൾ അതിജീവിച്ചാണ് വർഷങ്ങളായി സഭ മുന്നോട്ടു പോകുന്നതെന്നും ഏഷ്യാനെറ്റിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. എൻ.എസ്.എസിനും കത്തോലിക്കാസഭയ്ക്കും കാലം മാറിയതറിയില്ലെന്നും ഉമ്മാക്കികാട്ടി ഭയപ്പെടുത്തേണ്ടെന്നുമുള്ള സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു മെത്രപോലീത്ത. കാലം മാറിയിട്ടും മാറാത്തത് സി.പി.എം ആണ്. ലോകത്തെല്ലായിടത്തും കമ്യൂണിസ്റ്റുകൾ മാറ്റം ഉൾകൊള്ളുന്നു. കേരളത്തിൽ സി.പി.എം മാത്രം ഒരു മാറ്റവും ഉൾക്കൊള്ളാത്ത പഴഞ്ചൻ ആശയം മുറുകെ പിടിക്കുകയാണ്. സഭ ആർക്കെതിരെയും ആരെയും ഭീഷണിപ്പെടുത്തുന്നില്ല. സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ പ്രതിഷേധിക്കുക മാത്രമാണ് ചെയ്തത്. അത് ഇനിയും തുടരും.

03. **കന്യാസ്ത്രീകൾക്ക് വധഭീഷണി** (ദീപിക 22-11-2007)

രണ്ടു കന്യാസ്ത്രീകളുടെ ദാരുണമരണത്തിനിടയായ ഫ്ളാറ്റുദുരന്തത്തെപ്പറ്റി അന്വേഷിക്കണമെന്നാവശ്യപ്പെട്ട കന്യാസ്ത്രീകൾക്കുനേരെ വധഭീഷണി. തുടർച്ചയായി ഉണ്ടായ ഭീഷണിയെ തുടർന്നു ഫാത്തിമ മഠം പ്രൊവിൻഷ്യാൾ സുപ്പീരിയർ സിസ്റ്റർ പുൾകേറിയ കളക്ടർക്കും എസ്പിക്കും പരാതി നൽകി. ശനിയാഴ്ച രാവിലെ ദിവ്യബലി നടക്കുമ്പോൾ അപരിചിതനായ ഒരാൾ മഠത്തിനുള്ളിലേക്ക് കയറി വരികയും സമീപത്തെ മുറിയിലിരുന്ന പിക്കാസെടുത്ത് കന്യാസ്ത്രീകൾക്കുനേരെ ഉയർത്തി കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തെന്നാണ് പരാതി.

തന്നെ യൂണിയൻകാർ അയച്ചതാണെന്നും പറഞ്ഞായിരുന്നു ആക്രോശം. ചൊവ്വാഴ്ച ഉച്ചകഴിഞ്ഞും പകൽസമയത്തും അപരിചിതനായ മറ്റൊരാൾ മദ്യപിച്ച് കോൺവെന്റിലെത്തി ഭീഷണിപ്പെടുത്തി. രാത്രികാലങ്ങളിൽ മഠത്തിനു സമീപത്ത് ചില അപരിചിതർ എത്തുന്നതായും മഠത്തിന്റെ അധികൃതർ പറഞ്ഞു. തങ്ങൾക്കെതിരെ ശബ്ദിക്കുന്നവരെ ഏതുവിധേനെയും തകർക്കുക എന്ന ലക്ഷ്യത്തോടെ ചിലർ നടത്തുന്ന ആസൂത്രിതപ്രവർത്തനമാണെന്നും ആരോപണമുണ്ട്. ഫ്ളാറ്റുനിർമാണം സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന് ജില്ലാഭരണകൂടം മഠത്തിന്റെ അധികൃതർക്ക് ഉറപ്പ് നൽകിയതാണ്. എന്നാൽ ഫ്ളാറ്റിലേക്കുള്ള വഴിയുടെ വീതികൂട്ടുന്നത് സംബന്ധിച്ച് ജില്ലാഭരണകൂടത്തിനു പരാതി നൽകിയെങ്കിലും നടപടിയൊന്നുമില്ലായിരുവെന്നും പറയുന്നു. സ്ത്രീകളായ തങ്ങൾക്ക് വേണ്ടത്ര സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ടാണു മഠാംഗങ്ങളിപ്പോൾ പരാതിനൽകിയിട്ടുള്ളത്.കന്യാസ്ത്രീകൾ മരിച്ച് ഒരുമാസമാകാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കേ ഉടമസ്ഥർക്കെതിരെ പോലീസ് കേസുപോലും എടുക്കാത്തത് കേസിലെ ഉന്നതരുടെ ബന്ധത്തെക്കുറിച്ചുള്ള സൂചന വെളിപ്പെടുത്തുന്നെന്ന് ആരോപണമുണ്ട്.

04. **വിവാദ ഫ്ളാറ്റ്പൊളിച്ചു നീക്കണം: ബിഷപ്പ് ഡോ.സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ**

(ദീപിക–24-11-2007)

രണ്ടു കന്യാസ്ത്രീകളുടെ ദാരുണമരണത്തിനിടയാക്കിയ നാഗമ്പടത്തെ വിവാദഫ്ളാറ്റ് പൊളിച്ചു നീക്കാൻ അധികൃതർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് വിജയപുരം രൂപതാ ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ആവശ്യപ്പെട്ടു. നഗരസഭാധികാരികളും ജില്ലഭരണാധികാരികളും അനധികൃതനിർമാണപ്രവർത്തനങ്ങൾക്ക് ഒത്താശനൽകുന്ന നിലപാടിനോട് രൂപതയ്ക്ക് ശക്തമായ പ്രതിധമാണുള്ളത്. മാനദണ്ഡങ്ങൾ ലംഘിച്ച് നിർമിച്ച കെട്ടിടം പൊളിച്ചുനീക്കുവാൻ അധികാരമുണ്ടായിട്ടും ലൈസൻസ് സസ്പെൻഡ് ചെയ്തത് ഫളാറ്റുടമകളെ സഹായിക്കണമെന്ന ആരോപണവും ഇതോടെ ശക്തമായിരിക്കയാണ്. കന്യാസ്ത്രീകൾ മരിച്ചതിനു ശേഷവും മഠത്തിലെത്തി കന്യാസ്ത്രീകളെ ഭീഷണിപ്പെടുത്തുന്നത് അധികാരികളുടെ അനാസ്ഥയും ഫ്ളാറ്റുടമകളുടെ രാഷ്ട്രീയസ്വാധീനവുമുപയോഗിച്ചാണെന്ന് ഇതോടെ വ്യക്തമാണെന്നും ബിഷപ്പ് കൂട്ടിച്ചേർത്തു.

05. **ഭാരതീയതയുടെ ക്രൈസ്തവ മാനം കാണണം: ദേശീയചരിത്ര സെമിനാർ** (ദീപിക-12-11-2007)

തോമാശ്ലീഹായിലൂടെ എത്തിയ സുവിശേഷം ഒന്നാം സഹസ്രാബ്ദത്തിലെ ഭാരതീയ സംസ്കാരത്തിന്റെ രൂപീകരണത്തിൽ ചെലുത്തിയ സ്വാധീനം കൂടുതൽ പഠനവിധേയമാക്കണമെന്ന് -ഇന്ത്യാ ചരിത്ര രചനയും സെന്റ് തോമസും - എന്ന വിഷയത്തെക്കുറിച്ചു തെള്ളകത്തു നടന്ന ദേശീയചരിത്രസെമിനാർ നിർദ്ദേശിച്ചു. ദ്രാവിഡവും ദ്രാവിഡേതരവുമായ ആധ്യാത്മിക ധാരണകളെ സംയോജിപ്പിക്കുന്നതിലും

പരിവർത്തിപ്പിക്കുന്നതിലും ആദിമ ഭാരതീയ ക്രൈസ്തവ സഭ വഹിച്ച പങ്ക് പഠനവിധേയമാക്കാൻ പോപ്പ് ജോൺ പോൾ കാത്തലിക് ഫോറത്തിന്റെ നേതൃത്വത്തിലുള്ള ഒരു എക്യുമെനിക്കൽ സംഘത്തെ നിയോഗിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെ സംബന്ധിച്ച സമാന്തരപാരമ്പര്യങ്ങളായി കരുതപ്പെട്ടിരുന്ന ഉത്തരേന്ത്യൻ പാരമ്പര്യവും പരസ്പരപൂരകമായി കാണുവാൻ സഹായിക്കുന്ന ചരിത്രത്തെളിവുകളും പഠനങ്ങളും ഇന്നുണ്ടെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ചങ്ങനാശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ചൂണ്ടിക്കാട്ടി.

ജീവിക്കുന്ന പാരമ്പര്യത്തിന്റെ തുടർച്ച രന്നെയാണ് ഒന്നാമത്തെ ചരിത്രത്തെളിവെന്ന് അദ്ദേഹം പറഞ്ഞു. ആദിമ നൂറ്റാണ്ടുകളിൽ ജെറുസലേമിനും റോമിനുമൊപ്പം മൈലാപ്പൂർ ഏറ്റവും വലിയ ക്രൈസ്തവ തീർഥാടന കേന്ദ്രമായിരുന്നു. പാർത്തിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന വടക്കു കിഴക്കേന്ത്യയിൽ ഉണ്ടായതും ആക്രമണങ്ങളിൽ തകർക്കപ്പെട്ടതുമായ ക്രൈസ്തവസമൂഹങ്ങളെക്കുറിച്ചു പഠനം നടത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മൂടിക്കെട്ടിവയ്ക്കാതെ മുറിവുകളിൽ സ്പർശിക്കുമ്പോഴാണ് ചരിത്രത്തിന്റെ അർഥങ്ങളും അർഥാന്തരങ്ങളും തെളിയുകയെന്ന് അധ്യക്ഷത വഹിച്ച പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ചരിത്രമാണ് ഏറ്റവും വലിയ തത്വശാസ്ത്രം. തെറ്റായ ചരിത്രങ്ങൾ പ്രചരിപ്പിച്ച് ഇന്ത്യയെ മുറിപ്പെടുത്തുന്നവർ ക്രിസ്തീയതയുടെ ഉള്ള ചരിത്രം കൂടി എടുത്ത് കളയാനുള്ള രഹസ്യ രാഷ്ട്രീയ അജൻഡ നടപ്പാക്കുകയാണ്. ദ്രാവിഡ സംസ്കാരം സുവിശേഷത്തോടു പ്രതിപ്രവർത്തിച്ചതിന്റെ ചരിത്രം കൂടുതൽ പഠനവിധേയമാക്കണമെന്നു മാർ കല്ലറങ്ങാട്ട് നിർദ്ദേശിച്ചു

അലിഖിത പാരമ്പര്യത്തിന്റെ മൂല്യം അംഗീകരിക്കാത്ത ചില ചരിത്രകാരൻമാർ നടത്തുന്ന പ്രസ്താവനകൾ കേട്ട് രോഷം കൊള്ളരുതെന്നും കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്താൻ അതു നിമിത്തമാകുകയാണു വേണ്ടതെന്നും സമാപനപ്രഭാഷണത്തിൽ ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ ഓർമ്മിപ്പിച്ചു. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ചീഫ് എഡിറ്റർ പ്രഫ.ജോർജ് മേനാച്ചേരി, ന്യൂസ്പേപ്പർ എഡിറ്റർ ജേസ് ടി. തോമസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ലിറ്റർജിക്കൽ റിസർച്ച് സെന്റർ ഡയറക്ടർ റവ.ഡോ.മാത്യു പൈകട, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, ഡൽഹി മീഡിയ ഹൗസ് ഡയറക്ടർ ഫാ.ബൈജു ചാലയ്ക്കൽ,പ്രഫ.മാത്യു ഉലകംതറ, പ്രഫ. ജോസഫ് മറ്റം, തിരുവല്ല അതിരൂപതാ ചീഫ് വികാരി ജനറൽ ഡോ.ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പ, ഡോ.സിസ്റ്റർ പ്രസന്ന, ഡോ.സിസ്റ്റർ സോഫി റോസ്, ജോസ് മുള്ളങ്കുഴി, പ്രഫ.ആന്റണി ജോസഫ്, കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി ജനറൽ സെക്രട്ടറി ജോസഫ് ജോൺ കീത്ര, സത്യദർശനമാല ചീഫ് എഡിറ്റർ തോമസ് മാത്യു വൈപ്പിശേരി തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. ബെനഡിക്ട് വടക്കേക്കര എഴുതിയ ഭാരതക്രൈസ്തവോത്പത്തി ഒരു ചരിത്രനിരൂപണം എന്ന പുസ്തകത്തിന്റെ പ്രകാശനം മാക്ഫാസ്റ്റ് ഡയറക്ടർ ഡോ. പി.കെ.ഏബ്രഹാം നിർവഹിച്ചു. മഹാത്മാഗാന്ധി സർവകലാശാല ഇന്റർനാഷണൽ റിലേഷൻസ്റീഡർ ഡോ.എ.എം.തോമസ് ആദ്യപ്രതി ഏറ്റുവാങ്ങി.പോപ്പ് ജോൺ പോൾ കാത്തലിക് ഫോറം കോ-ഓർഡിനേറ്റർമാരായ പ്രഫ. ലീന ജോസ് ടി. സ്വാഗതവും വർഗീസ് മാത്യു നന്ദിയും പറഞ്ഞു

06. **മഹാരാഷ്ട്രയിൽ വൈദികർക്ക് മർദന പരമ്പര** (മാധ്യമം -12-11-2007)

വിശ്വഹിന്ദു പരിഷത്തിൻെറ വനവാസി കല്യാൺ പരിഷത്ത് നേതൃത്വത്തിൽ മഹാരാഷ്ടയിലെ ക്രിസ്തീയ പുരോഹിതർക്ക് ക്രൂരമർദ്ദനം. ഒരു മാസത്തിനിടെ അഞ്ചു തവണയുണ്ടായ ആക്രമണങ്ങളിൽ 25ഓളം പുരോഹിതർക്ക് പരിക്കേറ്റു. മഹാരാഷ്ട്ര-ഗുജറാത്ത് അതിർത്തിയിലെ ഗിരിവർഗ മേഖലയായ വാദ,മാനർ,വിക്രംഗർ,മൊഖാദ എന്നീ പ്രദേശങ്ങളിലാണ് അക്രമപരമ്പര. പലയിടത്തും പുരോഹിതരുടെ പരാതി

സ്വീകരിക്കാൻ പോലീസ് തയ്യാറായില്ലെന്ന് പരാതിയുണ്ട്. തുടർന്ന് തനിക്ക് നേരിട്ട് പരാതി നൽകാൻ ഇവരോട് ഡി.ജി.പി ആവശ്യപ്പെടുകയായിരുന്നു.ഗുജറാത്തിൽ നിന്നുള്ളവർ ഈ മേഖലയിലെത്തി കുഴപ്പമുണ്ടാക്കുക പതിവാണെന്ന് സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ ഉപാധ്യക്ഷൻ അബ്രാഹം മത്തായി പറഞ്ഞു. എന്നാൽ ഈ നിലപാട് ശരിയല്ലെന്നാണ് വി.എച്ച്.പി.നിലപാട്. മതപരിവർത്തന നീക്കത്തിൽ ക്ഷുഭിതരായി തദ്ദേശീയരാണ് ആക്രമണങ്ങൾക്ക് നേതൃത്വം നൽകിയതെന്ന് വി.എച്ച്.പി നേതാക്കൾ പറഞ്ഞു.

**07. ദൈവവചനവർഷം: ലോഗോ പ്രകാശനം ചെയ്തു: ബൈബിൾ കമമീഷൻ**

കേരളകത്തോലിക്കമെത്രാൻ സമിതി പ്രഖ്യാപിച്ച ദൈവവചനവർഷം 2008ന്റെ ലോഗോ പ്രകാശനം ചെയ്തു. പാലാരിവട്ടം പി.ഒ.സിയിൽ ചേർന്ന കേരളത്തിലെ 29 രൂപതകളുടെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെയും കേരള കത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് മാനേജിംഗ്കൗൺസിൽ അംഗങ്ങളുടെയും യോഗത്തിലാണ് ലോഗോ പ്രകാശനം ചെയ്തത്. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് ഡോ.സൂസൈ പാക്യം, ദൈവവചനവർഷ ലോഗോ, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി വൈസ് ചെയർമാൻ ജോൺസൻ കാഞ്ഞിരത്തിങ്കലിന് നല്കിയാണ് പ്രകാശനം ചെയ്തത്. ഡോ.സെഡ് എം.മുഴൂർ, ഡോ.സ്റ്റീഫൻ ആലത്തറ, ഡോ.ജോസ് പുതിയിടം, ഡോ.ജോണി വടക്കൻ, സാബു ജോസ് തുടങ്ങിയവർ പ്രസംഗിച്ചു. ഡിസംബർ 25നാണ് ദൈവവചന വർഷാചരണം ആരംഭിക്കുക. 2008 ഡിസംബർ 25ന് അവസാനിക്കും.

**08 "നിരീശ്വരവാദം മനുഷ്യന്റെ മാഹാത്മ്യത്തെ ഹനിക്കുന്നു: ആർച്ച് ബിഷപ്പ് പൗവ്വത്തിൽ**

കൊച്ചി: മനുഷ്യനെ അവന്റെ നൈസർഗ്ഗീക ശ്രേഷ്ഠതയിൽ നിന്ന് തള്ളി വീഴ്ത്തുന്നതാണ് നിരീശ്വരവാദമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പറഞ്ഞു. കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷനും കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സിയും സംയുക്തമായി സംഘടിപ്പിച്ച "ഈശ്വരവിശ്വാസവും നിരീശ്വരവാദവും" എന്ന വിഷയത്തിലുള്ള സിംപോസിയം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. മനുഷ്യന്റെ മാഹാത്മ്യവും സ്വാതന്ത്ര്യവും ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങളാണ് ചില രാഷ്ട്രീയ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനുള്ള നീക്കങ്ങളിലൂടെ പ്രകടമാകുന്നത്. ഇതിലൂടെ ചില രാഷ്ട്രീയ നേതാക്കളുടെ ഉള്ളിലിരിപ്പ് പുറത്തായികഴിഞ്ഞരിക്കയാണ്. ഈശ്വരവിശ്വാസം തികച്ചും വൈയക്തികപരമോ ആശയപരമോ അല്ല. ഒരു കൂട്ടായ്മയിലൂടെ സ്വീകൃതമാകുന്നതും ജീവിതസാക്ഷ്യത്തിലൂടെ സാക്ഷാത്കരിക്കരിക്കപ്പെടുന്നതുമാണ്. ദൈവത്തോടും മനുഷ്യരോടും വിശ്വസ്തതയിൽ വർത്തിക്കുകവഴി ധാർമ്മികതയിൽ ഊന്നിയ സ്നേഹസംസ്കാരത്തിലേക്ക് ഈശ്വരവിശ്വാസി നയിക്കപ്പെടുന്നുണ്ട്.-ആർച്ച് ബിഷപ്പ് പറഞ്ഞു.

ഭരണമുന്നണിക്കെതിരെ ചില മതപുരോഹിതർ യു.ഡി.എഫിന്റെ പ്രചാരണം ഏറ്റെടുത്തിരിക്കുകയാണെന്നും, അതിന് വിദേശഫണ്ട് കൈപ്പറ്റുന്നുണ്ടെന്നുമെല്ലാം പറയുന്നതുകൊണ്ടുള്ള പ്രചരണങ്ങളെ കേരളത്തിലെ ജനങ്ങൾ പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. കെ.ഇ.ആർ സംബന്ധിച്ച് യാതൊരുതീരുമാനവുമെടുത്തിട്ടില്ലെന്ന് ഭരണം കയ്യാളുന്നവർ പറയുമ്പോൾ, ഇതിനുവേണ്ടി അവർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ഈ അവകാശവാദങ്ങളുടെ മുനയൊടിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു പക്ഷത്ത് നിർദ്ദോഷഭാവത്തിലുള്ള സമീപനമാണെന്ന് വരുത്തിതീർക്കുകയും മറുപക്ഷത്ത് നിരീശ്വരവാദം പാഠ്യപദ്ധ്യതയിലും മറ്റും തിരുകിക്കയറ്റുകയും ചെയ്യുന്ന പ്രവണത നിർഭാഗ്യകരമാണ്-ആർച്ച് ബിഷപ്പ് പറഞ്ഞു.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതയൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. കെ.എസ്. രാധാകൃഷ്ണൻ മുഖ്യപ്രബന്ധാവതരണം നടത്തി. കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി ഡോ.സ്റ്റീഫൻ ആലത്തറ അദ്ധ്യക്ഷത വഹിച്ചു. ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ, റവ.ഡോ.ജോർജ്ജ് കുരുക്കൂർ, ഡോ. എഡ്വേർഡ് എഴേടത്ത്, ശ്രീമതി ബീന സെബാസ്റ്റ്യൻ, സിസ്റ്റർ ജസിയ എന്നിവർ പ്രസംഗിച്ചു.